# മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധി

എന്തിലാണ് ഒരാളുടെ വിശുദ്ധി അടങ്ങിയിരിക്കുന്നത്? ദൈവഹിതം നിറവേറ്റുന്നതിൽ. ഒരാളുടെ മനുഷ്യജന്മത്തിലൂടെ അയാൾ എന്തു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, ദൈവം നിശ്ചയിക്കുന്നുവോ, അത് ദൈവികമായി നിർവഹിക്കുന്നതാണ് ആ വ്യക്തിയെ സംബന്ധിച്ച്, അയാളുടെ വിശുദ്ധി. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ"എന്ന് ഭാഗ്യവതിയായ മറിയം ഉച്ചരിക്കുകയും അത് നടപ്പാക്കാൻ പൂർണമായി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. അതാണ് അവളുടെ വിശുദ്ധി. കൃപാപൂർണയായ അമ്മ ലോകരക്ഷകനെ പ്രസവിച്ച് വളർത്തി, ക്രൂശിൻ ചുവട്ടിൽ നിന്നുകൊണ്ട് പരമപിതാവിന് സമർപ്പിച്ചു.

ദൈവഹിതം ദൈവം നൽകുന്ന കൃപ അനുസരിച്ച്, പൂർണമായി നിറവേറ്റുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതെങ്കിൽ, മാർ ഈവാനിയോസ് പിതാവ് എന്ത് ദൈവഹിതമാണ് നിറവേറ്റിയത് എന്ന് ആരായാം. "എല്ലാവരും ഒന്നാകുക" എന്നതാണ് കർതൃഹിതം. മനുഷ്യകുലത്തെ തന്നിൽ ഒന്നിപ്പിച്ച് നവീകരിക്കുന്നതിനും പൂർണമാക്കുന്നതിനും മനുഷ്യപുത്രൻ ആഗതനായി. എന്നാൽ കാലാകാലങ്ങളിൽ ദൈവജനത്തിന്റെ ഇടയിൽ പിളർപ്പുണ്ടായി. സഭാഗാത്രത്തിൽ മുറിവുകളുണ്ടായി. വ്യത്യസ്ത സാഹചര്യത്തിലാണെങ്കിലും, അതിന്റെ അലയടികൾ ഭാരതത്തിലെ നസ്രാണിസഭയിലും ഉണ്ടായി. പതിനേഴ് നൂറ്റാണ്ട് ഏകയോഗമായി കഴിഞ്ഞ ഭാരതത്തിലെ സഭയിൽ പിളർപ്പും ഉൾപ്പിരിവുകളും ഉണ്ടായി. ക്രിസ്തുനാഥന്റെ തിരുഹിതത്തിന് വിരുദ്ധമായി പരസ്പരവിദ്വേഷവും കലഹവും കോടതിക്കേസുകളും സ്നേഹരാഹിത്യവും എതിർസാക്ഷ്യവും ഉണ്ടായി. "വട്ടിപ്പണക്കേസ് " എന്ന് അറിയപ്പെട്ട കേസ് പല കോടതികളിൽ കൂടി കടന്നു.

കേരളത്തിലെ നസ്രാണിസമൂഹത്തിലെ പുത്തൻകൂർവിഭാഗം സാർവത്രിക കൂട്ടായ്മയിൽ നിന്ന് അകന്നുപോയ ചരിത്രവും, സഭയെപ്പറ്റി ക്രിസ്തുനാഥനുണ്ടായിരുന്ന ദർശനവും വിചിന്തനവിധേയമാക്കിയ എം.ഏ.അച്ചൻ എന്നറിയപ്പെട്ടിരുന്ന മാർ ഈവാനിയോസ് പിതാവ് ഇതിനു പരിഹാരം കാണാൻ ശ്രമിച്ചത് ആന്തരിക നവീകരണത്തിലൂടെയാണ്. അതിനായി അദ്ദേഹം പത്തനംതിട്ട ജില്ലയിൽ, റാന്നി-പെരുനാട്ടിൽ ബഥനി സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു. അദ്ദേഹത്തിന്റെ പ്രാർഥനയും പഠനവും പരിശുദ്ധാത്മാവിനോടുള്ള തുറവിയും അദ്ദേഹത്തെ സത്യം കണ്ടെത്താൻ സഹായിച്ചു. എന്തായിരുന്നു അദ്ദേഹം കണ്ടെത്തിയ സത്യം?

ക്രിസ്തുനാഥന്റെ സഭ ഏകമാണ്. ആ സഭയിൽ നിന്ന് വിവിധ കാരണങ്ങളാൽ കാലാകാലങ്ങളിൽ ആളുകൾ മാറി ചെറിയ സഭാസമൂഹങ്ങൾ രൂപീകരിച്ച്, ദൈവജനത്തെ ദൈവത്തിന്റെ സഭയിൽ നിന്ന് അടർത്തിമാറ്റിയിട്ടുണ്ട്. അത് വലിയ പാപമാണ്. യേശുക്രിസ്തുവിന്റെ നാമത്തിൽ യേശുനാമധാരികൾ ഒന്നിക്കണം. മറിച്ചുള്ളത് എതിർസാക്ഷ്യവും തകർച്ചയ്ക്കുള്ള പാതയുമാണ്. ഈ സത്യം അദ്ദേഹം കണ്ടെത്തി.

പത്രോസ് അധ്യക്ഷനായിരുന്ന ശിഷ്യസമൂഹം ഏകയോഗമായി കർത്താവിന്റെ ഏകസഭയ്ക്ക് ശുശ്രൂഷ ചെയ്തതുപോലെ, ഇന്നും ക്രിസ്ത്യാനികൾ ഒന്നായി തീരണം. മനുഷ്യകുലത്തെ മുഴുവൻ യേശുക്രിസ്തുവിൽ ഒന്നിപ്പിക്കണം. അതിനായി ഒന്നിച്ചു പ്രവർത്തിക്കണം. പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പാ അധ്യക്ഷനായുള്ള കത്തോലിക്കാ സഭയുമായുള്ള സമ്പൂർണവും ദൃശ്യവും കാനോനികവുമായ കൂട്ടായ്മ സഭാവ്യക്തിത്വത്തിനും സഭാപൂർണതയ്ക്കും അപരിത്യാജ്യമാണെന്ന സത്യത്തിൽ അദ്ദേഹം എത്തിച്ചേർന്നു. പതിനേഴ് നൂറ്റാണ്ട് ഒന്നിച്ചു നിന്ന നസ്രാണിസമൂഹം, റോമാസഭാധ്യക്ഷന്റെ നേതൃത്വം സ്വീകരിച്ച്, വീണ്ടും ഒന്നാകണം. റോമാമെത്രാനെ മാറ്റിനിർത്തിക്കൊണ്ട് വേർപെട്ട ക്രിസ്ത്യാനികളുടെ സമ്പൂർണ കൂട്ടായ്മ അസാധ്യമാണെന്ന് അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹത്തിന് അത് ബോധ്യപ്പെട്ടു.

പരിശുദ്ധാത്മാവ് ബഥനിയുടെ മാർ ഈവാനിയോസ് പിതാവിന് ഒരു ദിവ്യപ്രകാശം നൽകി. നസ്രാണികളുടെ പുത്തൻകൂർ സമൂഹം റോമാ മാർപാപ്പായുടെ നേതൃത്വം അംഗീകരിച്ച്, കാതോലിക കൂട്ടായ്മ പൂർണമാക്കണം. എങ്കിലേ ഈ സമൂഹത്തിൽ ശാശ്വതമായ സമാധാനവും ഐശ്വര്യവും ദൗത്യനിർവഹണവും സാധ്യമാകൂ. ഈ ദൗത്യനിർവഹണത്തിന് ദൈവം തന്നെ വിളിക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. തനിക്കു ലഭിച്ച വിളിക്കനുസൃതം അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടു. "താൻ എവിടേക്ക് പുറപ്പെടുന്നു എന്ന് അറിയാതിരിക്കെ ഇറങ്ങിപ്പുറപ്പെട്ട" അബ്രഹാമിനെപ്പോലെയായിരുന്നു ആ യാത്ര.

ഇതാണ് തന്റെ വിളി, ഇതാണ് ദൈവഹിതം, ഇതാണ് തന്നിൽ നിന്ന് ദൈവം ആവശ്യപ്പെടുന്നത് എന്ന് ഗ്രഹിച്ചുകഴിഞ്ഞപ്പോൾ, ഭാവിയെപ്പറ്റിയോ, കഷ്ടനഷ്ടങ്ങളെ പറ്റിയോ ഒന്നും ചിന്തിക്കാതെ, ദൈവതിരുമനസ്സിന് അദ്ദേഹം പൂർണമായി കീഴ്വഴങ്ങി. ഈ ദൗത്യത്തിന് തന്നെത്തന്നെ പൂർണമായി കലവറ കൂടാതെ സമർപ്പിച്ചു. ആ സമർപ്പണം ദൈവം സ്വീകരിച്ചു. എതിർപ്പുകളുടെ മധ്യത്തിൽ, ഇല്ലായ്മയുടെ മധ്യത്തിൽ, അനിശ്ചിതത്വത്തിന്റെ മധ്യത്തിൽ അദ്ദേഹം പതറാതെ, താൻ ശ്രവിച്ച ദിവ്യസ്വരത്തെ പിൻചെന്നു. ക്രൂശിൻ ചുവട്ടിൽ നിന്ന ആ അമ്മയെപ്പോലെ സമർപ്പണം പൂർത്തിയാക്കി.

അതിന്റെ ഫലമായി റോമൻ സഭയുമായുള്ള സമ്പൂർണ കൂട്ടായ്മ പുനഃസ്ഥാപിച്ചു. സന്മനസ്സുള്ളവർക്കെല്ലാം അദ്ദേ

ഹം പാത തെളിച്ചു. അതോടൊപ്പം സുവിശേഷ പ്രഘോഷണത്തിനുള്ള ഒരു വലിയ അഭിവാഞ്ച മാർതോമാ നസ്രാണികളിൽ അനേകർക്ക് നൽകുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. ക്രിസ്തുനാഥനെ അറിയാത്ത അനേകായിരങ്ങളുടെ ഇടയിൽ സദ്വാർത്ത എത്തിക്കാൻ അദ്ദേഹം നേതൃത്വം നൽകി. സകലരാലും അവഗണിക്കപ്പെട്ടു കിടന്ന അനേകരെ പ്രത്യാശയിലേക്കും നവജീവനിലേക്കും ജീവജലത്തിന്റെ അരുവിയിലേക്കും അദ്ദേഹം എത്തിച്ചു.

തന്റെ ദൗത്യം പൂർത്തിയാക്കി 1953 ജൂലൈ 15-ന് അദ്ദേഹം കർതൃമഹത്വത്തിലേക്ക് കടന്നു. സ്വർഗീയപിതാവിന്റെ സവിധത്തിൽ ഇരുന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ മാധ്യസ്ഥ്യാപേക്ഷയാണ് മലങ്കര കത്തോലിക്കാസഭയുടെ അഭൂതപൂർവമായ വളർച്ചയ്ക്കും പുരോഗതിക്കും കാരണം. “ഞാൻ സ്വർഗത്തിൽ എത്തുമ്പോൾ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും” എന്ന വാഗ്ദാനം അദ്ദേഹം പൂർത്തീകരിച്ചുകൊണ്ടിരിക്കയാണ്. തന്നെപ്പറ്റിയുള്ള ദൈവഹിതം നിറവേറ്റി എന്ന സന്തുഷ്ടിയോടെ അദ്ദേഹം ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നു. അദ്ദേഹത്തിന്റെ വിശുദ്ധിക്ക് ഇതിനേക്കാൾ വലിയ മറ്റെന്തു തെളിവു വേണം?